ദേശീയ ജലപാത തെക്കോട്ട് കോവളം വരെയും വടക്കോട്ട് കാസർകോട് വരെയും നീട്ടുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്. ഇതിനു പ്രാരംഭമായി പ്രസ്തുത ജലപാതകളുടെ സാദ്ധ്യതാപഠനം ' നാട്പാക്ക് ' നടത്തികഴിഞ്ഞിട്ടുണ്ട്. പഠന റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (397) ട്രോളിംഗ് നിരോധനം ഏർപ്പെടുത്താൻ സ്ഥിരം സംവിധാനം

ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർഷകാലട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ട്രോളിംഗ് നിരോധനക്കാലത്ത് സംസ്ഥാന പരിധിയിൽവരുന്ന തീരപ്രദേശങ്ങളിൽ വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം തടയാൻ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ട്രോളിംഗ് നിരോധനം നിലവിലുള്ള 45 ദിവസം 70 ദിവസമായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എല്ലാവർഷവും ഒരു നിശ്ചിത തീയതിമുതൽ ട്രോളിംഗ് നിരോധനം എന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) നിരോധനം ലംഘിക്കുന്നതു തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) തൽക്കാലം ആലോചനയിലില്ല.

(ബി) നിരോധനകാലത്ത് നിരോധനം ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ട് പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഇല്ല.

(ഡി) ഇതിന് നിയമപരമായ നടപടികൾ സ്വീകരിക്കേണ്ട ആവശ്യമില്ല.

(ഇ) അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ ഫിഷറീസ് വകുപ്പിന്റെ 4 ബോട്ടുകൾ ഉൾപ്പെടെ 6 ബോട്ടുകളും സ്വകാര്യ വ്യക്തികളിൽ നിന്നും വാടകയ്ക്കെടുത്ത 6 ബോട്ടുകളും ഉപയോഗിച്ച് പട്രോളിംഗ് നടത്തുന്നുണ്ട്. നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുന്നതിന് അധികാരപ്പെടുത്തിയ വകുപ്പിലെ ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സുശക്തമായ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു.

2 (398) ട്രോളിംഗ് നിരോധന ഉത്തരവ്

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ട്രോളിംഗ് നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) നിരോധന ഉത്തരവ് നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ട്രോളിംഗ് നിരോധനം നടപ്പിലാക്കുവാൻ ഫിഷറീസ്, മറൈൻ, പോലീസ് വകുപ്പ് എന്നിവർക്കാവശ്യമായ ആധുനിക യന്ത്രങ്ങൾ ഘടിപ്പിച്ച ബോട്ടുകൾ നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ആയതിലേക്ക് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രോളിംഗ് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും വന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ യന്ത്രവൽകൃത ബോട്ടുകളും 14.6.99 അർദ്ധരാത്രിക്ക് മുൻപ് കേരളതീരം വിട്ടുപോകാൻ നിർദ്ദേശം നൽകി. തീരത്തോടുചേർന്ന് കിടക്കുന്ന ഡീസൽ ബങ്കുകൾ അടച്ചിടാനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി അത്യാധുനിക സജ്ജീകരണങ്ങൾ ഉള്ള ഫിഷറീസ് വകുപ്പിന്റെ 4 പട്രോൾ ബോട്ടുകളും ഒരിടത്തരം 43.5 അടിയോടും കെ.എൽ.എ.530 എന്ന ബോട്ടും വാടകയ്ക്ക് എടുത്ത 6 സ്വകാര്യ ബോട്ടുകളും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുന്നതിനും കടലിൽ പട്രോളിംഗ് നടത്തുന്നതിനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻമാരെ ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് സേനയുടെ സഹായവും ഏർപ്പാട് ചെയ്തിട്ടുണ്ട്. എല്ലാ കടലോര ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ട്രോളിംഗ് നിരോധനസമയത്ത് ആഴക്കടൽ മത്സ്യബന്ധനം നിരോധിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly